# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 2451

11.10.2011- ൽ
മറുപടിയ്ക്ക്

## മെരിറ്റ് സീറ്റിലെ ഫീസ് ഘടന

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആർ. രാജേഷ് | ശ്രീ. പി.കെ.അബ്ദുറബ്ബ്<br>(ബഹു. വിദ്യാഭ്യാസവകുപ്പ്മന്ത്രി) |
| (എ) ഈ വർഷം മെരിറ്റിൽ എഞ്ചിനീയറിംഗ്, മെഡിക്കൽ കോളേജുകളിൽ പ്രവേശനം ലഭിച്ച കുട്ടികൾക്ക് മുൻ വർഷത്തേക്കാൾ അധികമായി എത്ര രൂപ ഫീസായി നൽകേണ്ടി വന്നിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ? | (എ) ഈ വർഷം എഞ്ചിനീയറിംഗ് കോഴ്സുകളിലേക്ക് മെറിറ്റടിസ്ഥാനത്തിൽ പ്രവേശന പരീക്ഷാ കമ്മീഷണർ തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽ നിന്ന് പ്രവേശനം നേടിയ സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ 25% വിദ്യാർത്ഥികൾക്ക് മുൻവർഷത്തെ അപേക്ഷിച്ച് 25000/- രൂപ അധികമായി നൽകേണ്ടി വരുന്നുണ്ട്. മെഡിക്കൽ കോളേജുകളിൽ, സർക്കാർ നിയന്ത്രിത അക്കാദമി ഓഫ് മെഡിക്കൽ സയൻസ് പരിയാരം കണ്ണൂരിൽ മാത്രം മുൻവർഷത്തെ അപേക്ഷിച്ച് 10,000/- രൂപയുടെ വർദ്ധനവുണ്ടായിട്ടുണ്ട്. അതുപോലെ കണ്ണൂർ അക്കാദമി ഓഫ് മെഡിക്കൽ സയൻസിൽ 13 SEBC വിദ്യാർത്ഥികൾക്ക് ഫീസ് നിരക്കിൽ മുൻവർഷത്തെ അപേക്ഷിച്ച് 4000/- രൂപയുടെ വർദ്ധനവുണ്ടായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ